ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1127

# സൂറ-39 / അസ്സുമർ

## സൂക്തം: 01-03

തൗഹീദിൽനിന്ന് ഭിന്നിച്ചുപോയവരെ വീണ്ടെടുക്കുക എളുപ്പമല്ല. അശ്രദ്ധ കൊണ്ടും അജ്ഞത കൊണ്ടും അതിൽ പെട്ടുപോയവർ മാത്രമേ ബോധവൽക്കരണത്തിനു വഴങ്ങൂ. തെറ്റായാലും ശരിയായാലും ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും അമൂല്യമായ ദേശീയ ചിഹ്നങ്ങളാണെന്ന് അഹങ്കരിക്കുന്നവർ പലവക കുയുക്തികളും കുതർക്കങ്ങളുമുന്നയിച്ച് അതിൽ തന്നെ ഉറച്ചുനിൽക്കും.

### ആമുഖം

അസ്സുമർ ആണ് സൂറയുടെ ഔദ്യോഗിക നാമം. ഇതിലെ 71,73 സൂക്തങ്ങളിൽ സുമറ (زمر) എന്ന പദം വന്നിട്ടുള്ളതാണ് ഈ നാമകരണത്തിനാധാരം. ഇതിന് 'സൂറത്തുൽ ഗുറഫ്' (سورة الغُرَف) എന്നു പേരുള്ളതായി ഖുർത്വുബി തന്റെ തഫ്സീറിൽ ഉദ്ധരിക്കുന്നുണ്ടെങ്കിലും പൊതുവിൽ അറിയപ്പെടുന്നത് 'അസ്സുമർ' എന്നു തന്നെയാണ്. അബ്സീനിയൻ ഹിജ്റ ആസന്നമായ ഘട്ടത്തിലാണ് ഇതവതരിച്ചതെന്ന് ഉള്ളടക്കത്തിൽനിന്ന് മനസ്സിലാക്കാം. പത്താം സൂക്തത്തിലെ وَأَرْضُ اللَّهِ وَاسِعَةٌ എന്ന വാക്യം മർദിതവിശ്വാസികൾ ഹിജ്റക്കു തയാറാകാൻ സമയമായിരിക്കുന്നുവെന്ന സൂചനയാണെന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾ ഏകാഭിപ്രായക്കാരാണ്. ഇതനുസരിച്ച് പ്രവാചകന്റെ മദീനാ ഹിജ്റക്ക് അഞ്ചോ ആറോ വർഷം മുമ്പ് സൂറ *സബഇ*ന്നും സൂറ *ഗാഫിറി*നും ഇടയിലായിട്ടാണ് ഈ സൂറ അവതരിച്ചത്. മുസ്ഹഫിൽ 39-ാമതായി ചേർത്തിട്ടുള്ള 'അസ്സുമർ' അവതരണക്രമം കൊണ്ട് 59-ാം സൂറയാണ്. സൂറ മക്കീ ആണെന്നതിലും തർക്കമില്ല. ഇതിലെ 10,53 ഉൾപ്പെടെ ഏഴോളം സൂക്തങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് ചില നിവേദനങ്ങളുണ്ടെങ്കിലും അവക്ക് പൊതു സ്വീകാര്യതയില്ല.

ഉള്ളടക്കം പരിഗണിക്കുമ്പോൾ സൂറ *സ്വാദി*ന്റെ തുടർച്ചയാണ് *സുമർ*. ഖുർആൻ ലോകർക്കൊക്കെയുമുള്ള മഹത്തായ ഉദ്ബോധനമാണെന്നും അതിന്റെ വിവരം നിങ്ങൾ അറിയാനിരിക്കുന്നുവെന്നും പ്രസ്താവിച്ചുകൊണ്ടാണ് സൂറ *സ്വാദ്* സമാപിക്കുന്നത്. ഖുർആൻ അവതരിപ്പിക്കുന്നത് അല്ലാഹുവാണെന്നും കളങ്കമേശാത്ത തൗഹീദ് സ്ഥാപിക്കുകയാണതിന്റെ ലക്ഷ്യമെന്നും വ്യക്തമാക്കിക്കൊണ്ടാണ് ഈ സൂറ ആരംഭിക്കുന്നത്. *സ്വാദി*ന്റെ അവസാന ഭാഗത്ത് സൃഷ്ടിയുടെ തുടക്കം മുതൽ പുനഃസൃഷ്ടി വരെയുള്ള കാര്യങ്ങൾ പറയുന്നുവെന്നത് രണ്ടു സൂറകളെയും ബന്ധിപ്പിക്കുന്ന മറ്റൊരു കണ്ണിയായി കരുതാം.

മറ്റു മക്കീ സൂറകളെപ്പോലെ ദൈവത്തിന്റെ ഏകത്വവും പരലോകവും മുഹമ്മദീയ പ്രവാചകത്വവുമാണ് ഈ സൂറയുടെ മുഖ്യപ്രമേയങ്ങൾ. ഒപ്പം വിശുദ്ധ ഖുർആനിന്റെ ദൈവികതയും മഹത്വവും മനുഷ്യർ അതിനെ മാനിക്കേണ്ടതിന്റെ ആവശ്യകതയും ഗൗരവപൂർവം ചർച്ച ചെയ്തിരിക്കുന്നു. 1,2,23,27,28,41,55 എന്നീ ഏഴു സൂക്തങ്ങളിൽ ഖുർആൻ പരാമർശിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ ഖുർആനിനെ മഹത്വപ്പെടുത്തിക്കൊണ്ടുള്ള സൂറയുടെ തുടക്കം തുടർന്ന് ഉപദേശിക്കുന്ന തൗഹീദിലേക്കുള്ള മുഖവുരയാണ്. ഏകദൈവ വിശ്വാസം എന്നാൽ മനുഷ്യൻ ആത്യന്തികമായ വിധേയത്വം അല്ലാഹുവിനു മാത്രം അർപ്പിച്ചുകൊണ്ട് അവനു വഴിപ്പെട്ടു ജീവിക്കുകയാണ്. മനുഷ്യൻ അവനെപ്പോലുള്ള മനുഷ്യർക്കോ മറ്റു സൃഷ്ടികൾക്കോ അടിമപ്പെടാൻ പാടില്ല. അല്ലാഹുവിന്റെ മാത്രം അടിമയായിരിക്കണം. സൃഷ്ടികൾ സൃഷ്ടികളുടെ അടിമത്തത്തിൽനിന്ന് മുക്തരായി സ്രഷ്ടാവിന്റെ മാത്രം അടിമയായിരിക്കുകയാണ് സ്വാതന്ത്ര്യം. അല്ലാഹുവിന്- അവന്റെ വിധിവിലക്കുകൾക്ക്- വിധേയനായി കർമം ചെയ്യുമ്പോഴാണ് അല്ലാഹുവിലുള്ള വിശ്വാസവും കൂറും- ഈമാൻ പ്രാവർത്തി

കമാകുന്നത്. അടിമയെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്ന മധ്യസ്ഥരില്ല. അല്ലാഹു എല്ലാം കണ്ടുകൊണ്ടും കേട്ടുകൊണ്ടും സദാ തന്റെ സൃഷ്ടികളോടൊപ്പം തന്നെയുണ്ട്. സാക്ഷാൽ സത്യദൈവത്തെ തള്ളിക്കളഞ്ഞ് മിഥ്യദൈവങ്ങളെ വരിക്കുകയും അവയുടെ പേരിൽ അനാചാരങ്ങൾ അനുവർത്തിക്കുകയും ചെയ്യുന്നവർ പരലോകത്ത് ശാശ്വതമായ നരകശിക്ഷ ഏറ്റുവാങ്ങേണ്ടി വരും. എന്നാൽ അജ്ഞതയും അവിവേകവും മൂലം അധർമങ്ങളിലും അക്രമങ്ങളിലും വിഹരിച്ചവർ പിന്നീട് ബോധവാന്മാരാവുകയാണെങ്കിൽ നിരാശപ്പെടേണ്ടതില്ല. തുടർന്ന് അല്ലാഹുവിലേക്ക് തിരിച്ചുവരികയാണെങ്കിൽ അവരുടെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തുകൊടുക്കും. എല്ലാ പാപങ്ങളും പൊറുക്കുന്നവനാണ് അല്ലാഹു. ദുർജനങ്ങളും സജ്ജനങ്ങളും പരലോക വിചാരണയും വിധിയും നേരിടുന്ന അവസ്ഥ വർണിച്ചുകൊണ്ട് സൂറ അവസാനിക്കുന്നു.

നബി (സ) എല്ലാ രാത്രിയിലും സൂറ *അൽ ഇസ്രാഉം* സൂറ *അസ്സുമറും* പാരായണം ചെയ്യാറുണ്ടായിരുന്നു എന്ന് ആഇശ (റ) പ്രസ്താവിച്ചിട്ടുള്ളതായി നസാഈ ഉദ്ധരിക്കുന്ന നിവേദനം ഈ സൂറയുടെ ശ്രേഷ്ഠത വ്യക്തമാക്കുന്നു. ●

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

تَنزِيلُ الْكِتَابِ مِنَ اللَّهِ الْعَزِيزِ الْحَكِيمِ ﴿١﴾

1. ഈ വിശുദ്ധ വേദം സഗൗരവം അവതരിച്ചുകൊണ്ടിരിക്കുന്നത് അജയ്യനും അഭിജ്ഞനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു.

**1**

تَنْزِيلُ الْكِتَابِ = ഈ ഗ്രന്ഥത്തിന്റെ ഇറക്കം (ഈ വിശുദ്ധ വേദം അവതരിച്ചുകൊണ്ടിരിക്കുന്നത്)

مِنَ اللَّهِ الْعَزِيزِ الْحَكِيمِ = അജയ്യനും അഭിജ്ഞനുമായ അല്ലാഹുവിങ്കൽനിന്നാകുന്നു

تَنْزِيلُ എന്ന മൂലപദം نزول-ൽനിന്ന് ഉത്ഭവിച്ചതാണ്. രണ്ടിന്റെയും അർഥം ഒന്നുതന്നെ -ഇറക്കം. ഖുർആൻ അതിന്റെ അവതരണത്തെ تَنْزِيل എന്നാണ് പറയാറുള്ളത്. نزول الكتاب എന്ന് ഒരിടത്തും പറയുന്നില്ല. نزول സാദാ ഇറക്കമാണ്. تَنْزِيل സഗൗരവമായ അല്ലെങ്കിൽ ആദരണീയമായ ഇറക്കത്തെ കുറിക്കുന്നു. الْكِتَاب (വിശുദ്ധ വേദം) ഖുർആൻ ആകുന്നു. അവതരണം സഗൗരവവും അവതരിക്കുന്ന പുസ്തകം വിശുദ്ധവേദവും ആകുന്നതിന്റെ ന്യായമാണ് അത് അജയ്യനും അഭിജ്ഞനുമായ അല്ലാഹുവിങ്കൽനിന്നാകുന്നു എന്നത്. അവിശ്വാസികൾ ആരോപിക്കുന്നതുപോലെ ഈ ഗ്രന്ഥം മുഹമ്മദ് (സ) സ്വയം രചിക്കുന്നതല്ല; അദ്ദേഹം എവിടെനിന്നെങ്കിലും പകർത്തിക്കൊണ്ടു വരുന്നതുമല്ല. അല്ലാഹു അദ്ദേഹത്തിന് ഗൗരവപൂർവം അവതരിപ്പിച്ചുകൊടുത്തിട്ടുള്ളതാണ്. അല്ലാഹുവാകട്ടെ നിങ്ങൾക്ക് സുപരിചിതമായ ഭൗതിക സൃഷ്ടികൾ പോലെ ദൗർബല്യങ്ങളും ന്യൂനതകളുമുള്ള അസ്തിത്വമല്ല. നിങ്ങൾക്കറിയാവുന്ന എല്ലാ ശക്തികൾക്കും മീതെ, സകലതിനെയും അതിജയിച്ചു നിൽക്കുന്ന അജയ്യനാണവൻ. അതോടൊപ്പം حَكِيم-ഉം ആകുന്നു. എല്ലാറ്റിന്റെയും പൊരുൾ, ഉത്ഭവവും നിലനിൽപും ധർമവും ലക്ഷ്യവും പരിണതിയും എല്ലാം ആഴത്തിൽ അറിയുകയും യുക്തിപൂർവം വിധിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നവനാണ് حَكِيم. യുക്തിക്കും നന്മക്കും നിരക്കാത്ത യാതൊന്നും حَكِيم-ൽനിന്നുണ്ടാവില്ല.

മനുഷ്യരുടെ മാർഗദർശനത്തിനു വേണ്ടിയാണ് അവനീ വേദം സഗൗരവം അൽപാൽപമായി ഇറക്കിയിരിക്കുന്നത്. അതിനെ സാദരം സമീപിക്കുകയും അതിന്റെ വെളിച്ചം ഉൾക്കൊണ്ട് അതനുസരിച്ച് ചരിക്കുകയുമാണ് മനുഷ്യന്റെ കടമ. തുടർന്നു വരുന്ന സൂക്തങ്ങൾക്കുള്ള ഒരാമുഖമാണീ സൂക്തം. ●

إِنَّا أَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ فَاعْبُدِ اللَّهَ مُخْلِصًا لَّهُ الدِّينَ ﴿٢﴾

2. സത്യവുമായിട്ടാകുന്നു നാം ഈ വേദം നിനക്കവതരിപ്പിക്കുന്നത്. ആകയാൽ നീ വിധേയത്വം അല്ലാഹുവിന്നു മാത്രം അർപ്പിച്ചുകൊണ്ട് അവന് ഇബാദത്ത് ചെയ്യണം.

أَلَا لِلَّهِ الدِّينُ الْخَالِصُ ۚ وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ ﴿٣﴾

3. അറിയുക, കേവല വിധേയത്വം അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാകുന്നു. അവനെക്കൂടാതുള്ള രക്ഷകരെ സ്വീകരിച്ചവരുണ്ടല്ലോ, ആ രക്ഷകർ ഞങ്ങളെ സാക്ഷാൽ ദൈവത്തോടടുപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് ഞങ്ങളവർക്ക് ഇബാദത്ത് ചെയ്യുന്നത് എന്നാണവരുടെ നിലപാട്. ഈയാളുകൾ ഭിന്നിച്ച വിഷയങ്ങളിൽ അല്ലാഹു തന്നെ വിധി പറയുന്നതാകുന്നു. എന്നാൽ കള്ളം പറയുന്ന കൊടിയ നിഷേധിയായ ആരെയും അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല.

**2,3**

إِنَّا أَنزَلْنَا إِلَيْكَ الْكِتَابَ = നാം ഈ വേദം നിനക്കവതരിപ്പിച്ചു(പ്പിക്കുന്നത്)

بِالْحَقِّ = സത്യംകൊണ്ട്(സത്യവുമായിട്ടാകുന്നു) فَاعْبُدِ اللَّهَ = ആകയാൽ നീ അല്ലാഹുവിന് ഇബാദത്ത് ചെയ്യണം

مُخْلِصًا لَّهُ الدِّينَ = വിധേയത്വം, അനുസരണം അവനു മാത്രം ആക്കി(അർപ്പിച്ചു)കൊണ്ട് أَلَا = അറിയുക, ശ്രദ്ധിക്കുക

لِلَّهِ الدِّينُ الْخَالِصُ = കേവല വിധേയത്വം അല്ലാഹുവിനു മാത്രം ഉള്ളത് (അവകാശപ്പെട്ടത്) ആകുന്നു

وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ = അവനെ കൂടാതെ (ഉള്ള) രക്ഷകരെ സ്വീകരിച്ചവർ (ഉണ്ടല്ലോ)

مَا نَعْبُدُهُمْ = ഞങ്ങൾ അവർക്ക് ഇബാദത്ത് ചെയ്യു(ന്നത്)ന്നില്ല

إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ = അവർ (ആ രക്ഷകർ) ഞങ്ങളെ സാക്ഷാൽ ദൈവത്തോട് അടുപ്പിക്കുന്നതിനു വേണ്ടിയല്ലാതെ (മാത്രമാണ് എന്നാണവരുടെ നിലപാട്)

إِنَّ اللَّهَ يَحْكُمُ بَيْنَهُمْ = തീർച്ചയായും അല്ലാഹു (തന്നെ) വിധി പറയുന്നതാകുന്നു

فِي مَا هُمْ فِيهِ يَخْتَلِفُونَ = അവർ (ഈയാളുകൾ) ഭിന്നിക്കുന്നതെന്തിലാണോ അതിൽ (അവർ ഭിന്നിച്ച വിഷയങ്ങളിൽ)

إِنَّ اللَّهَ لَا يَهْدِي = അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല

مَنْ هُوَ كَاذِبٌ كَفَّارٌ = ആരാണോ കള്ളം പറയുന്നവനും കൊടിയ നിഷേധിയുമായവൻ അവനെ (കള്ളം പറയുന്നവനും കൊടിയ നിഷേധിയുമായ ആരെയും)

ഈ സൂക്തത്തിലെ الدّين - اعبد - الحق എന്നിവ വിശാലമായ ആശയമാനങ്ങളുള്ള പദങ്ങളാണ്. ഒട്ടേറെ ആശയങ്ങളുടെ സമുച്ചയത്തേയാണ് حق പ്രതിനിധീകരിക്കുന്നതെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ സത്യം, ധർമം, നീതി എന്നീ അർഥങ്ങളാണ് ഈ സന്ദർഭത്തിൽ പ്രസക്തമായിട്ടുള്ളത്. ഈ ഗ്രന്ഥം- ഖുർആൻ- الحق കൊണ്ട് അവതരിപ്പിച്ചു എന്നതിന്റെ താൽപര്യം സത്യദർശനവും ധർമശാസനയും നീതിസാരവുമായിട്ട് അവതരിപ്പിച്ചിരിക്കുന്നു എന്നാണ്. اعبد എന്നു കൽപനക്രിയയുടെ മൂലപദമായ عبادة-ന്റെ അർഥം *ഖുർആൻ ബോധനം* 1:5-നു താഴെ വിശദമാക്കിയിരിക്കുന്നു. ഖുർആൻ പഠിപ്പിക്കുന്ന സത്യങ്ങൾ വിശ്വസിച്ചുകൊണ്ടും നൈതിക-ധാർമിക നിയമങ്ങൾ പാലിച്ചുകൊണ്ടും അല്ലാഹുവിനെ ഭക്തിപൂർവം അനുസരിക്കാൻ കൽപിക്കുകയാണ് فَاعْبُدِ اللَّهَഎന്ന വാക്യം. ദീൻ മലയാളത്തിൽ 'മതം' ആണെങ്കിലും 'മത'ത്തിൽ ഒതുങ്ങാത്ത അനേകം അർഥങ്ങളുണ്ടതിന് അറബിയിൽ. يوم الدّين-വിധിദിനം,دين الملك-രാജനീതി, دين و ديدن -ആചാരവും ശീലവും, دين الإسلام-ഇസ്‌ലാം ധർമം (മതം). നിയമവ്യവസ്ഥയും ധർമസംഹിതയും ദീനിന്റെ അർഥത്തിൽ പെടുന്നു. ദീനിന്റെ ക്രിയാപദം دان-يدين ആണ്. അനുസരിച്ചു, കീഴ്പ്പെട്ടു എന്ന അർഥത്തിലാണത് ഉപയോഗിക്കാറുള്ളത്. ഈ അർഥങ്ങളിലെല്ലാം പൊതുവായിട്ടുള്ളത് ഉന്നതമായ ഒരു ശക്തിയോടുള്ള വിധേയത്വമാകുന്നു. ദീൻ വിധിയാകുമ്പോഴും വിധേയത്വമാകുമ്പോഴും ധർമസംഹിതയാകുമ്പോഴുമൊക്കെ അതിൽ ഈ ആശയമുണ്ട്. ഈ സന്ദർഭത്തിൽ മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളതും വിധേയത്വം എന്ന അർഥമാകുന്നു. അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്നത് വിധേയത്വം അവനു മാത്രം സമർപ്പിച്ചുകൊണ്ടായിരിക്കണമെന്നാണ് فَاعْبُدِ اللَّهَ مُخْلِصًا لَّهُ الدِّينَ-ന്റെ താൽപര്യം.

വചനസാരം: അല്ലാഹു പ്രവാചകന് ഈ വിശുദ്ധ വേദം അവതരിപ്പിച്ചുതന്നിരിക്കുന്നത് ജനങ്ങളെ സത്യധർമങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ടിയാകുന്നു. ആകയാൽ പ്രവാചകനും വിശ്വാസിയായ ഓരോരുത്തനും തന്റെ ആത്യന്തികമായ വിധേയത്വം അല്ലാഹുവിനു മാത്രം സമർപ്പിച്ചുകൊണ്ട് ഈ വേദം അനുശാസിക്കുന്ന വിശ്വാസങ്ങളും ധർമങ്ങളും അനുസരിച്ച് അല്ലാഹുവിന് ഇബാദത്ത് ചെയ്തുകൊണ്ടിരിക്കണം. സൂറ *സ്വാദ്* 46-ാം സൂക്തത്തിൽ أَخْلَصْنَاهُم എന്നു വന്നിട്ടുണ്ട്. അതിൽനിന്നുള്ള കർതൃവചനമാണ് مُخلص. അർഥം അവിടെ വ്യക്തമാക്കിയിരിക്കുന്നു. ഇബാദത്തിന്റെയും വിശ്വാസത്തിന്റെയുമെല്ലാം സ്വീകാര്യത -إخلاص- അകളങ്കമായ തനിമയെ ആശ്രയിച്ചിരിക്കുന്നു. തന്റെ ദാസന്റെ സമ്പൂർണ വിശ്വാസവും സമ്പൂർണ വിധേയത്വവുമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. പല ദൈവങ്ങളിൽ ഒരു ദൈവമായി അവനെയും വിശ്വസിച്ചാൽ പോരാ. പല ദൈവങ്ങളെ ആരാധിക്കുന്നതുപോലെ അല്ലെങ്കിൽ അതിലൽപം കൂടുതൽ അവനെ ആരാധിച്ചാലും പോരാ. ദൈവമായി അവനെ മാത്രമേ അംഗീകരിക്കാവൂ. അവൻ മാത്രമേ ദൈവമുള്ളൂ. അതുകൊണ്ട് ആരാധനയർഹിക്കുന്നതും അവൻ മാത്രമാണ്. ദിവ്യത്വത്തിൽ അവനല്ലാത്തവരെ പങ്കാളികളാക്കുന്നതുപോലെ ശിർക്കാണ്, അവനു വേണ്ടി ചെയ്യുന്ന കർമങ്ങളിൽ മറ്റു ശക്തികളെയോ താൽപര്യങ്ങളെയോ ലക്ഷ്യമാക്കുന്നതും. അല്ലാഹുവിനു വേണ്ടി മാത്രമായി സമർപ്പിക്കുന്നതേ അവൻ സ്വീകരിക്കൂ. ഒരിക്കൽ ഒരു ശിഷ്യൻ നബി(സ)യോട് ചോദിച്ചു: 'തിരുദൂതരേ, ഞങ്ങൾ പ്രശസ്തിക്കുവേണ്ടി ദാനം ചെയ്യാറുണ്ട്. അതിന് പരലോകത്ത് പ്രതിഫലം ലഭിക്കുമോ?' തിരുമേനിയുടെ മറുപടി ഇപ്രകാരമായിരുന്നു: ان الله تعالى لا يقبل الامن اخلص له - 'തനിക്കു മാത്രമായിട്ട് അർപ്പിച്ചവനെയല്ലാതെ അല്ലാഹു സ്വീകരിക്കുകയില്ല.'

അല്ലാഹുവിനോടുള്ള അനുസരണത്തിന്റെ ഭാഗമായി അവനല്ലാത്തവരെ അനുസരിക്കുന്നത് അല്ലാഹുവിനെ അനുസരിക്കൽ തന്നെയാകുന്നു. ഉദാഹരണം പ്രവാചകനെ അനുസരിക്കുക. അത് اطيعوا الله واطيعو الرّسول-നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക റസൂലിനെയും അനുസരിക്കുക- എന്ന് അല്ലാഹു കൽപിച്ചിട്ടുള്ളതാണ്. മറ്റുള്ളവരെ അനുസരിക്കുമ്പോൾ ആ അനുസരണം അല്ലാഹുവിന്റെ വിധി

വിലക്കുകൾക്കു വിരുദ്ധമല്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. നിരുപാധികവും കലർപ്പില്ലാത്തതുമായ കേവല വിധേയത്വം- أَلَا الدِّينُ الْخَالِصُ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. أَلَا ശബ്ദം ഒരു ശ്രദ്ധ ക്ഷണിക്കലാണ്. ശ്രദ്ധിക്കൂ, മനസ്സിലാക്കൂ എന്നൊക്കെ പറയുന്നതുപോലെ. ചില സന്ദർഭങ്ങളിൽ അതിന് 'മാത്രം' എന്ന അർഥം കൂടിയുണ്ടാകും. അത്തരമൊരു സന്ദർഭമാണിതെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. أَلَا لِلَّهِ എന്നാൽ 'അറിയുക, അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു' എന്ന്. മുൻസൂക്തം إِخْلَاص കൽപിച്ചതിനുള്ള ന്യായമാണിത്. സൃഷ്ടികളുടെ കേവല വിധേയത്വത്തിനും അനുസരണത്തിനും അവകാശമുള്ള മറ്റൊരു സൃഷ്ടിയില്ല. മറ്റെല്ലാവരും അവനെപ്പോലുള്ള സൃഷ്ടികളാണ്. കേവല വിധേയത്വം അല്ലാഹുവിനു മാത്രം അർപ്പിക്കുന്നതിനർഥം മനുഷ്യൻ മറ്റെല്ലാവരുടെയും അടിമത്തത്തിൽനിന്നു മുക്തനാവുക എന്നു കൂടിയാണ്.

പക്ഷേ തൗഹീദിന്റെ ഉദാത്തമായ ഈ അർഥം ഉൾക്കൊള്ളാൻ അധിക മനുഷ്യരും തയാറാകുന്നില്ല. അവർ അല്ലാഹുവിന്റെ ബഹുവിധ സൃഷ്ടികളെ ദൈവങ്ങളാക്കി ആരാധിച്ച് അവരുടെ അടിമത്തം സ്വയം എടുത്തണിയുന്നു. അവർക്കുതന്നെ അറിയാം, തങ്ങൾ ആരാധിക്കുന്ന സൃഷ്ടികളൊന്നും യഥാർഥ ദൈവമല്ലെന്ന്. എങ്കിലും പലതരം കൃത്രിമ ന്യായങ്ങളുന്നയിച്ച് അവരാ അറിവിനെ മറികടക്കുകയാണ്. ചിലർ പറയും; തങ്ങളാരാധിക്കുന്ന സചേതനവും അചേതനവുമായ വസ്തുക്കളിൽ ദൈവചൈതന്യം കുടികൊള്ളുന്നു. ചിലർ പറയും; തങ്ങളുടെ ആരാധ്യർ ദൈവത്തിന്റെ പങ്കാളികളാണ്. ഇനിയും ചിലർ പറയും; തങ്ങളുടെ ആരാധ്യർ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമാണ്, ഞങ്ങളുടെ ആരാധ്യർ ദൈവത്തിങ്കൽ സവിശേഷ സ്ഥാനമുള്ള പുണ്യാത്മാക്കളും സിദ്ധന്മാരുമാകുന്നു. ഇവയെയെല്ലാം ഉൾക്കൊള്ളുന്ന പദമാണ് أَوْلِيَاءُ- രക്ഷകർ. ഔലിയാഇന്റെ അർഥം *ഖുർആൻ ബോധനം* നേരത്തേ വിശദീകരിച്ചിരിക്കുന്നു. അവരൊക്കെ യഥാർഥ ദൈവങ്ങളാണെന്നു കരുതിയല്ല അവരെ ആരാധിക്കുന്നത്. അവരൊക്കെ ദൈവചൈതന്യമുൾക്കൊള്ളുന്ന മൂർത്തികളോ ദൈവത്തിന്റെ പങ്കാളികളോ പുത്രീപുത്രന്മാരോ, അവങ്കൽ സവിശേഷ സ്ഥാനമുള്ള പുണ്യാത്മാക്കളോ ആണെന്നാണ് കരുതുന്നത്. അവരെ പൂജിച്ചു പ്രസാദിപ്പിച്ചാൽ അവർ തങ്ങളെ സാക്ഷാൽ ദൈവത്തോടടുപ്പിക്കും, അവനോട് ശിപാർശ ചെയ്ത് തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരും. അത്യുന്നതനായ പരമേശ്വരൻ നിസ്സാരരായ തങ്ങളുടെ പ്രാർഥനകൾ നേരിട്ടു കേൾക്കുന്നതിന് അതീതനാണ്, ഈ ഔലിയാക്കളുടെ മാധ്യസ്ഥമില്ലാതെ തങ്ങൾക്ക് അവനെ പ്രാപിക്കാനാവില്ല....

അല്ലാഹുവിന്റെ ഏകത്വം മൗലികമായി സമ്മതിക്കുന്നവരെ ബഹുദൈവ വിശ്വാസികളും വിഗ്രഹാരാധകരുമാക്കി മാറ്റാൻ ചെകുത്താൻ ദുർബോധനം ചെയ്യുന്ന ദുർന്യായങ്ങളാണിതൊക്കെ. ഖുർആൻ ഈ അന്ധവിശ്വാസത്തെ ഖണ്ഡിതമായി നിഷേധിച്ചിട്ടുണ്ട്:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا
لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

(എന്റെ ദാസന്മാർ എന്നെക്കുറിച്ച് ചോദിക്കുമ്പോൾ പറയുക: ഞാൻ അവരുടെ ചാരത്തു തന്നെയുണ്ട്. പ്രാർഥിക്കുന്നവൻ എന്നോട് പ്രാർഥിച്ചാൽ ഞാൻ തന്നെ ഉത്തരം നൽകുന്നു. ആകയാൽ അവർ എന്റെ വിളിക്ക് ഉത്തരം നൽകട്ടെ, എന്നിൽ വിശ്വാസമർപ്പിക്കട്ടെ; അവർ സന്മാർഗികളാകാൻ -2:186).

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا
﴿٥٦﴾ أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ
رَحْمَتَهُ وَيَخَافُونَ عَذَابَهُ ۚ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا ﴿٥٧﴾

(പ്രവാചകൻ ജനത്തോടു പറയുക: അല്ലാഹുവിനെ കൂടാതുള്ള രക്ഷകരെന്ന് നിങ്ങൾ ജൽപിക്കുന്നവരെ പ്രാർഥിച്ചുനോക്കുവിൻ. നിങ്ങൾക്ക് ഒരു ദുരിതവും ദൂരീകരിച്ചുതരാനോ മാറ്റിത്തരാനോ അവർക്കാവില്ല. അവർ പ്രാർഥിക്കുന്നവർ സ്വയം തന്നെ അല്ലാഹുവിങ്കലേക്ക് ആരാണ് ഏറെ അടുത്തവനാവുക എന്ന് മാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അവരവന്റെ കാരുണ്യമാശിക്കുകയും ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിന്റെ നാഥന്റെ ശിക്ഷ ഭയപ്പെടേണ്ടതു തന്നെയാകുന്നു -17:56,57).

فَلَا تَدْعُوا مَعَ اللَّهِ أَحَدًا (അല്ലാഹുവിന്റെ കൂടെ മറ്റാരോടും നിങ്ങൾ പ്രാർഥിച്ചുകൂടാ -72:18).

വിശുദ്ധ ഖുർആൻ ഇത്രയൊക്കെ വ്യക്തമായും ശക്തമായും അനുശാസിച്ചിട്ടും ഉപരിസൂചിത സാത്താനിക ന്യായങ്ങളുടെ മറവിൽ പുണ്യാത്മാക്കളോടും സിദ്ധന്മാരോടും പ്രാർഥിക്കുകയും അവരുടെ പ്രീതിക്കു വേണ്ടി നേർച്ചവഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നവർ ഈ ഖുർആനിന്റെ വാഹകരിൽ തന്നെ ഉണ്ട് എന്നത് അത്ഭുതകരവും ദുഃഖകരവുമായ യാഥാർഥ്യമാണ്. ഈ ബിദ്അത്ത് വളർത്താൻ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന സംഘടനകൾ തന്നെയുണ്ട്. തൗഹീദിന്റെ പ്രബോധനത്തിനു മുമ്പിൽ ഇസ്‌ലാംവിരുദ്ധ ശക്തികളെപ്പോലെ, അല്ല ചിലപ്പോൾ അതിലേറെ പ്രതിബന്ധം സൃഷ്ടിക്കുന്നത് ഇക്കൂട്ടരാണ്. മനുഷ്യരെയാസകലം പ്രലോഭിപ്പിച്ചു വഴിപിഴപ്പിക്കുമെന്ന പ്രതിജ്ഞ (لَأُغْوِيَنَّهُمْ أَجْمَعِينَ) പാലിക്കുന്നതിൽ ചെകുത്താൻ വൻ വിജയം നേടിയിരിക്കുന്നു എന്നു സമ്മതിക്കാതെ തരമില്ല.

തൗഹീദിൽനിന്ന് ഭിന്നിച്ചുപോയവരെ വീണ്ടെടുക്കുക എളുപ്പമല്ല. അശ്രദ്ധ കൊണ്ടും അജ്ഞത കൊണ്ടും അതിൽ പെട്ടുപോയവർ മാത്രമേ ബോധവൽക്കരണത്തിനു വഴങ്ങൂ. തെറ്റായാലും ശരിയായാലും ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും അമൂല്യമായ ദേശീയ ചിഹ്നങ്ങളാണെന്ന് അഹങ്കരിക്കുന്നവർ, പലവക കുയുക്തികളും കുതർക്കങ്ങളുമുന്നയിച്ച് അതിൽ തന്നെ ഉറച്ചുനിൽക്കും. പൂർവികരെല്ലാം മഹാന്മാരായിരുന്നു. അവർ ഒരിക്കലും തെറ്റാവുകയില്ല, അവർ പുലർത്തിപ്പോന്ന ആചാരവിശ്വാസങ്ങളെല്ലാം കാത്തുസൂക്ഷിക്കപ്പെടേണ്ട പവിത്ര പൈതൃകങ്ങളാണ് എന്ന് ശഠിക്കുന്നവരുടെ കാര്യവും അതു തന്നെ. അവരും യഥാർഥ ഏകദൈവ വിശ്വാസികളും തമ്മിലുള്ള ഭിന്നിപ്പുകളിൽ പരലോകത്ത് അല്ലാഹു അന്തിമവിധി പറയുന്നതുവരെ അവരാ നിലപാട് തുടരും. അവർക്ക് അല്ലാഹു സന്മാർഗം വിധിച്ചിട്ടില്ല. കാരണം അവർ അല്ലാഹുവിന് പുത്രകളത്രാദികളും സഹദൈവങ്ങളും ഉണ്ടെന്ന് കള്ളം പറഞ്ഞുകൊണ്ടിരിക്കുന്നവരും അവനെ ധിക്കരിച്ച് അവനല്ലാത്തവർക്ക് ഇബാദത്ത് ചെയ്തുകൊണ്ടിരിക്കുന്ന കൊടിയ സത്യനിഷേധികളുമാകുന്നു. ●